21

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാരിയർ ആക്റ്റ്, 1865

## (1865-ലെ III-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില : ക 0 - 40

കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാരിയർ ആക്ററ്, 1865

(1865-ലെ III-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1976

# കാരിയർ ആക്ററ്, 1865

(1865-ലെ III-ാം നമ്പർ ആക്ററ്)

[1865 ഫെബ്രുവരി 14]

## പൊതു കാരിയർമാരുടെ അവകാശങ്ങളും ബാദ്ധ്യതകളും സംബന്ധിച്ച ആക്ററ്

കയററിക്കൊണ്ടുപോകുവാനായി പൊതുകാരിയർമാർക്ക് ഡെലിവർ ചെയ്യുന്ന വസ്തുവിനുണ്ടാകുന്ന നഷ്ടത്തിനൊ നാശനഷ്ടത്തിനൊ ഉള്ള അവരുടെ ബാദ്ധ്യത പരിമിതിപ്പെടുത്തുവാൻ അവർക്ക് കഴിവുണ്ടാക്കുന്നതുമാത്രമല്ല, അങ്ങനെയുള്ള വസ്തുവിന് അവരുടേയോ, അവരുടെ ജീവനക്കാരുടേയോ ഏജൻറുമാരുടേയോ ഉപേക്ഷയാലോ കുററകരമായ കൃത്യത്താലോ സംഭവിക്കുന്ന നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള അവരുടെ ബാദ്ധ്യത പ്രഖ്യാപിക്കുന്നതുകൂടി സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു;—

1. ചുരുക്കപ്പേര് .— ഈ ആക്ററിന് കാരിയർ ആക്ററ്, 1865 എന്നു പറയാവുന്നതാണ്.

2. വ്യാഖ്യാനഖണ്ഡം.— ഈ ആക്ററിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലുമില്ലാത്തപക്ഷം.—

"പൊതുകാരിയർ" വിവേചനം കൂടാതെ എല്ലാ ആളുകൾക്കും ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേയ്ക്ക് കരവഴിയോ, ഉൾപ്രദേശജല ഗതാഗതം വഴിയോ, കൂലിക്കു വസ്തു കയററിക്കൊണ്ടുപോകുന്ന ബിസിനസ്സിൽ ഏർപ്പെട്ടതും ഗവൺമെൻറ് അല്ലാത്തതുമായ ഒരാളെ കുറിക്കുന്നു.

"ആളിൽ" ഏതെങ്കിലും സമാജമോ ആളുകളുടെ നിയാകമോ, അത് ഏകാംഗീകൃതമോ അല്ലാത്തതോ ആയാലും, ഉൾപ്പെടുന്നു.

3. നൂറുരൂപയിൽ കൂടുതൽ മൂല്യമുള്ള ചില സാമാനങ്ങൾ ആ നിലയ്ക്ക് ഡെലിവർ ചെയ്യാത്തപക്ഷം അവയുടെ നഷ്ടത്തിന് കാരിയർമാർക്ക് ബാദ്ധ്യതയില്ലെന്ന്.— യാതൊരു പൊതു കാരിയറും, കയററിക്കൊണ്ടു പോകുന്നതിനായി തനിക്ക് ഡെലിവർ ചെയ്തതും, നൂറുരൂപയിൽ കവിഞ്ഞ മൂല്യമുള്ളതും, ഈ ആക്ററിലെ പട്ടികയിൽ അടങ്ങിയ വിവരണത്തോടുകൂടിയതുമായ വസ്തുവിൻെറ നഷ്ടത്തിനോ നാശനഷ്ടത്തിനോ ആ വസ്തു കയററിക്കൊണ്ടുപോകുന്നതിനായി ഡെലിവർ ചെയ്യുന്ന ആളോ അതിലേക്ക് മുറ പ്രകാരം പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളോ അങ്ങനെയുള്ള കാരിയറോടൊ അയാളുടെ ഏജൻറിനോടോ അതിൻെറ മൂല്യവും വിവരണവും പ്രകടമായി പ്രഖ്യാപിക്കാത്തപക്ഷം, ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

4. അങ്ങനെയുള്ള വസ്തു കൊണ്ടുപോകുന്നതിന് കാരിയർ നിജപ്പെടുത്തുന്ന നിരക്കിൽ പണം കിട്ടണമെന്ന് ആവശ്യപ്പെടാമെന്ന്.— അങ്ങനെയുള്ള ഏതൊരു കാരിയർക്കും നൂറു രൂപ മൂല്യത്തിൽ കവിഞ്ഞതും മുൻപറഞ്ഞ വിവരണത്തിലുള്ളതുമായ വസ്തു കയററിക്കൊണ്ടുപോകുന്നതിൽ ഏറെറടുക്കുന്ന നഷ്ടസാദ്ധ്യതയ്ക്ക് താൻ നിജപ്പെടുത്തുന്ന നിരക്കിൽ പണം കിട്ടണമെന്ന് ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ, അതിന് അങ്ങനെയുള്ള കാരിയർ തൻെറ ചാർജ്ജിൻെറ സാധാരണ നിരക്കിനേക്കാരം കൂടുതൽ നിരക്കിൽ പണം കിട്ടുവാൻ തനിക്ക് അവകാശമുണ്ടാകുന്നതിന്, കയററിക്കൊണ്ടുപോകുവാനുള്ള വസ്തു സ്വീകരിക്കുന്ന ബിസിനസ്സ് താൻ നടത്തിക്കൊണ്ടുപോകുന്ന സ്ഥലത്ത്, ഇംഗ്ലീഷിലും താൻ അങ്ങനെയുള്ള ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന രാജ്യത്തെ നാട്ടുഭാഷയിലും അച്ചടിച്ചതോ, ലിഖിതമോ ആയതും ആവശ്യപ്പെടുന്ന ചാർജ്ജിൻെറ കൂടിയ നിരക്കിനേർറതുമായ നോട്ടീസ് പ്രദർശിപ്പിച്ചിരിക്കേണ്ടതാകുന്നു.

5. നഷ്ടപ്പെട്ടതോ നാശനഷ്ടം സംഭവിച്ചതോ ആയ വസ്തു സംബന്ധിച്ചുള്ളത് വസൂലാക്കാൻ അവകാശമുള്ള ആരംക്ക് അതു കയററിക്കൊണ്ടുപോകുന്നതിനു കൊടുക്കുന്ന പണവും വസൂലാക്കാമെന്ന്.— കയററിക്കൊണ്ടുപോകുന്നതിനായി അങ്ങനെയുള്ള കാരിയർക്ക് ഡെലിവർ ചെയ്യുന്നതും നൂറു രൂപ മൂല്യത്തിൽ കവിഞ്ഞതും മുൻപറഞ്ഞ വിവരണത്തിലുള്ളതുമായ വസ്തു നഷ്ടപ്പെടുകയോ, അതിന് നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്ന സംഗതിയിൽ ഈ ആക്ററ് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അതിൻെറ മൂല്യവും വിവരണവും പ്രഖ്യാപിക്കുകയും പണം ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളപ്പോരം, അങ്ങനെയുള്ള നഷ്ടമോ, നാശനഷ്ടമോ സംബന്ധിച്ചുള്ളത് വസൂലാക്കാൻ അവകാശമുള്ള ആരംക്ക് മുൻപറഞ്ഞതുപോലെയുള്ള നഷ്ട സാദ്ധ്യതയ്ക്ക് പ്രതിഫലമായി അങ്ങനെയുള്ള കാരിയർക്ക് യഥാർത്ഥത്തിൽ നൽകിയിട്ടുള്ള ഏതെങ്കിലും പണം വസൂലാക്കാൻ കൂടി അവകാശമുണ്ടായിരിക്കുന്നതാണ്.

6. ഏതു വസ്തുസംബന്ധിച്ചാണ് കാരിയറുടെ ബാദ്ധ്യതയെ പബ്ലിക്ക് നോട്ടീസ് പരിമിതപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യാത്തതെന്ന് ചില അപവാദങ്ങരംക്ക് വിധേയമായി കാരിയർമാർക്ക് പ്രത്യേക കാൺട്രാക്ററുവഴി ബാദ്ധ്യത പരിമിതപ്പെടുത്താമെന്ന്.— കയററിക്കൊണ്ടുപോകുന്നതിനായി തനിക്ക് ഡെലിവർ ചെയ്തിട്ടുള്ളതും ഈ ആക്ററിലെ പട്ടികയിൽ അടങ്ങിയ വിവരണത്തിലുള്ളതല്ലാത്തതുമായ ഏതെങ്കിലും വസ്തുവിൻെറ നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള ഏതെങ്കിലും പൊതുകാരിയറുടെ ബാദ്ധ്യതയെ ഏതെങ്കിലും പബ്ലിക്ക് നോട്ടീസ് പരിമിതിപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല; എന്നാൽ 1863-ലെ XXII-ാം ആക്ററിലെ വ്യവസ്ഥകരംക്ക് കീഴിൽ സ്വകാര്യവ്യക്തികളാലോ കമ്പനികളാലോ നിർമ്മിക്കപ്പെടാനുള്ള പൊതുജനങ്ങരംക്ക് പ്രയോജനമുള്ള പണികരംക്കുവേണ്ടി ഭൂമി എടുക്കുന്നതിനും, അങ്ങനെ എടുക്കുന്ന ഭൂമിയിലെ പണികളുടെ നിർമ്മാണവും ഉപയോഗവും ക്രമപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നത്) നിർമ്മിച്ചിട്ടുള്ള ഒരു റെയിൽറോഡിൻേറയോ ട്രാം റോഡിൻേറയോ ഉടമസ്ഥനല്ലാത്ത അങ്ങനെയുള്ള ഏതെങ്കിലും കാരിയർക്ക്, മുമ്പ് ഒടുവിലായി പറഞ്ഞതുപോലെ ഡെലിവർ ചെയ്യപ്പെട്ട വസ്തുവിൻെറ ഉടമസ്ഥനോ അയാരം അതിലേയ്ക്ക് മുറപ്രകാരം പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ആളോ ഒപ്പിട്ട പ്രത്യേക കാൺട്രാക്ററു വഴി, അതു സംബന്ധിച്ച് തൻെറ ബാദ്ധ്യത, പരിമിതിപ്പെടുത്താവുന്നതാണ്.

7. 1863-ലെ XXII-ാം ആക്ററിൻ കീഴിൽ നിർമ്മിച്ചിട്ടുള്ള റെയിൽവേ റോഡിൻേറയോ ട്രാം റോഡിൻേറയോ ഉടമസ്ഥൻെറ ബാദ്ധ്യതയെ പ്രത്യേക കാൺട്രാക്ററ് പരിമിതിപ്പെടുത്തുകയില്ലന്ന്. റെയിൽ റോഡിൻേറയോ ട്രാം റോഡിൻേറയോ ഉടമസ്ഥൻ ഏതു സംഗതിയിൽ നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉത്തരവാദിയാണെന്ന്.— ഈ ആക്ററിൻെറ പട്ടികയിൽ അടങ്ങിയ വിവരണത്തിലുള്ളതല്ലാത്തതും കയററിക്കൊണ്ടുപോകുന്നതിനായി തനിക്ക് ഡെലിവർ ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും വസ്തുവിൻെറ നഷ്ടത്തിനോ നാശ

നഷ്ടത്തിനോ മുൻപറഞ്ഞ 1863-ലെ XXII-ാം നമ്പർ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് കീഴിൽ നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും റെയിൽ റോഡിന്റേയോ ട്രാം റോഡിന്റേയോ ഉടമസ്ഥന്റെ ബാദ്ധ്യതയെ ഏതെങ്കിലും പ്രത്യേക കാൺട്രാക്റ്റ് പരിമിതിപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതല്ല; എന്നാൽ അങ്ങനെയുള്ള റെയിൽ റോഡിന്റേയോ ട്രാം റോഡിന്റേയോ ഉടമസ്ഥന് കയററിക്കൊണ്ടു പോകുന്നതിനായി തനിക്ക് ഡെലിവർ ചെയ്തവസ്തുവിന്റെ നഷ്ടത്തിനോ നാശനഷ്ടത്തിനോ, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ തന്റേയോ തന്റെ ഏജൻറുമാരുടേയോ ജീവനക്കാരുടേയോ ഭാഗത്തുനിന്നുള്ള ഉപേക്ഷയാലോ കുററകരമായ കൃത്യത്താലോ ഉണ്ടായിട്ടുള്ളതായിരിക്കുമ്പോൾ മാത്രമേ ബാദ്ധ്യതയുണ്ടായിരിക്കുകയുള്ളു.

8. **തന്റേയോ തന്റെ ഏജൻറിന്റേയോ ഉപേക്ഷയാലോ വഞ്ചനയാലോ ഉണ്ടായിട്ടുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ പൊതുകാരിയർക്ക് ബാദ്ധ്യതയുണ്ടെന്ന്.**– ഇതിൽ ഇതിനുമുമ്പ് എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു പൊതുകാരിയർക്കും കയററിക്കൊണ്ടുപോകുന്നതിനായി തനിക്ക് ഡെലിവർ ചെയ്തിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ നഷ്ടത്തിനോ നാശനഷ്ടത്തിനൊ, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ തന്റേയോ തന്റെ ഏതെങ്കിലും ഏജൻറുമാരുടേയോ ജീവനക്കാരുടേയോ കുററകരമായ കൃത്യത്തിൽനിന്ന് ഉൽഭവിച്ചതായിരിക്കുന്നിടത്ത് ഉടമസ്ഥനോട് ബാദ്ധ്യതയുണ്ടായിരിക്കുന്നതും, കൂടാതെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുകയും, ഏതു വസ്തു സംബന്ധിച്ചാണോ ആ വകുപ്പ് ആവശ്യപ്പെടുന്ന പ്രഖ്യാപനം ചെയ്തിട്ടില്ലാത്തത്, അങ്ങനെയുള്ളതുമായ വസ്തു ഒഴികെ മറേറതെങ്കിലും വസ്തുവിന്റെ നഷ്ടത്തിനോ നാശനഷ്ടത്തിനോ, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ, തന്റേയോ തന്റെ ഏതെങ്കിലും ഏജൻറുമാരുടേയോ ജീവനക്കാരുടേയോ ഉപേക്ഷയിൽനിന്ന് ഉൽഭവിച്ചിട്ടുള്ളതായിരിക്കുന്നിടത്ത്, ഉടമസ്ഥനോട് ബാദ്ധ്യതയുണ്ടായിരിക്കുന്നതുമാകുന്നു.

9. **നഷ്ടത്തിനോ നാശനഷ്ടത്തിനോ ഡെലിവർ ചെയ്യാത്തതിനോ വേണ്ടിയുള്ള വ്യവഹാരങ്ങളിലെ വാദികൾ ഉപേക്ഷയോ കുററകരമായ കൃത്യമോ തെളിയിക്കേണ്ട ആവശ്യമില്ലെന്ന്.**—കയററിക്കൊണ്ടുപോകുന്നതിനായി ഒരു പൊതുകാരിയറെ ഭരമേല്പിക്കുന്ന സാമാനങ്ങളുടെ നഷ്ടത്തിനോ നാശനഷ്ടത്തിനോ, അവ ഡെലിവർ ചെയ്യാത്തതിനോ അയാൾക്കെതിരായി കൊണ്ടുവരുന്ന ഏതെങ്കിലും വ്യവഹാരത്തിൽ വാദി അങ്ങനെയുള്ള നഷ്ടമോ, നാശനഷ്ടമോ, ഡെലിവർ ചെയ്യാതിരുന്നതോ, കാരിയറുടേയോ അയാളുടെ ജീവനക്കാരുടേയോ ഏജൻറുമാരുടേയോ, ഉപേക്ഷയാലോ കുററകരമായ കൃത്യത്താലോ ഉണ്ടായിട്ടുള്ളതാണെന്ന് തെളിയിക്കേണ്ട ആവശ്യമില്ല.

10. **നഷ്ടമോ ക്ഷതിയോ സംബന്ധിച്ച നോട്ടീസ് ആറു മാസത്തിനുള്ളിൽ നല്കണമെന്ന്.**—കയററിക്കൊണ്ടുപോകുന്നതിനായി പൊതുകാരിയറെ ഭരമേല്പിക്കുന്ന സാമാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിനോ ക്ഷതിയ്ക്കോ അയാൾക്കെതിരായുള്ള യാതൊരു വ്യവഹാരവും അത് ആരംഭിക്കുന്നതിനുമുമ്പ് ആ നഷ്ടമോ ക്ഷതിയോ ആദ്യം വാദിയുടെ അറിവിൽവന്ന സമയം മുതൽ ആറുമാസത്തിനകവും, ആ നഷ്ടമോ ക്ഷതിയോ സംബന്ധിച്ച് ലിഖിതമായ നോട്ടീസ് അയാൾക്ക് നല്കാത്തപക്ഷം, ആരംഭിക്കുവാൻ പാടുള്ളതല്ല.

11. സ്റേററ് ഗവൺമെൻറിന് കൂടുതൽ ഇനങ്ങൾ ചേർക്കാം.— സ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഈ ആക്ററിലെ പട്ടികയിൽ അടങ്ങിയ സാധനങ്ങളുടെ ലിസ്ററിൽ കൂടുതൽ ഇനങ്ങൾ ചേർക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ പട്ടിക അതനുസരിച്ച് ഭേദഗതി ചെയ്തതായി കരുതപ്പെടുന്നതും ആകുന്നു.

### പട്ടിക

സ്വർണ്ണനാണയവും വെള്ളിനാണയവും.

നിർമ്മിതവസ്തുവിൻെറ അവസ്ഥയിലുള്ളതോ അല്ലാത്തതോ ആയ സ്വർണ്ണവും വെള്ളിയും.

രത്നങ്ങളും മുത്തുകളും.
ആഭരണങ്ങൾ.
ഏതുതരത്തിലുമുള്ള ടൈററംപീസുകൾ.
കൗതുകവസ്തുക്കൾ.
വിനിമയപത്രങ്ങളും ഹുണ്ടികളും.

കേന്ദ്രഗവൺമെൻറിൻെറ കറൻസിനോട്ടുകൾ അല്ലെങ്കിൽ ഏതെങ്കിലും ബാങ്കിൻെറ നോട്ടുകൾ, അല്ലെങ്കിൽ ഇംഗ്ലണ്ടിലേയോ വിദേശത്തിലേയോ പണം നല്കുന്നതിനുള്ള ഈടു പത്രങ്ങൾ.

മുദ്രകളും മുദ്രപ്പത്രങ്ങളും.
ഭൂപടങ്ങളും പ്രിൻറുകളും കലാസൃഷ്ടികളും.
സാഹിത്യസൃഷ്ടികൾ.
അവകാശപത്രങ്ങൾ.
സ്വർണ്ണമോ വെള്ളിയോ പൂശിയതോ പൂശിയ സാധനങ്ങളോ, ഗ്ലാസ്.
പിഞ്ഞാണം.

പട്ട്, നിർമ്മിതവസ്തുവിൻെറ അവസ്ഥയിലുള്ളതോ അല്ലാത്തതോ മററു സാധനങ്ങളുമായി ചേർത്തുണ്ടാക്കിയതോ അല്ലാത്തതോ ആയാലും, ഷാളുകളും ലേസുകളും. വിലപിടിപ്പുള്ള ലോഹങ്ങൾകൊണ്ട് ചിത്രത്തയ്യൽ ചെയ്തിട്ടുള്ളതോ അങ്ങനെയുള്ള ലോഹങ്ങൾ ഭാഗമായിട്ടുള്ളതോ ആയ തുണിത്തരങ്ങളും ടിഷ്യുകളും.

ദന്തം കൊണ്ടോ കരിന്താളി കൊണ്ടോ ചന്ദനത്തടി കൊണ്ടോ ഉള്ള സാധനങ്ങൾ.

ചിത്രവേല ചെയ്തിട്ടുള്ളതും മണ്ണു കൊണ്ടുള്ളതുമായ സാധനങ്ങളും മാർബിൾ കൊണ്ടുണ്ടാക്കിയ എല്ലാ സാധനങ്ങളും.

ഗവൺമെൻറ് ഈടു പത്രങ്ങൾ.
കറുപ്പ്.
പവിഴം.

കസ്തൂരി, അത്തർ, ചന്ദനത്തൈലം, അത്തറോ മററു സുഗന്ധദ്രവ്യങ്ങളോ തയ്യാറാക്കുന്നതിനുപയോഗിക്കുന്ന മററു അവശ്യ സുഗന്ധതൈലങ്ങളും.

സംഗീതോപകരണങ്ങളും ശാസ്ത്രീയോപകരണങ്ങളും.

തൂവലുകൾ.

ചണത്തിൽനിന്നു തയ്യാറാക്കുന്ന സ്വരപകാരികൾ.
അസംസ്കൃത ഇൻഡ്യാ റബ്ബർ.
ജയിഡും ജയിഡുകല്ലും അമ്പറും.
ഗോരോചന്ദ് അല്ലെങ്കിൽ ഗോരോചന്ദനം.
സിനിമാട്ടോഗ്രാഫ് ഫിലിമും ഉപകരണങ്ങളും.
സാഹിർമോറ്റാ കാതായി.
പ്ലാറ്റിനം.
ഇറിഡിയം.
പല്ലേഡിയം.
റേഡിയവും അതിൽനിന്നുള്ള തയ്യാറിപ്പുകളും.
ടൻറാലം.
ഓസ്മിയം.
റുഥേനിയം.
റേഡിയം.
അഗർവുഡ്.